**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5233** **04-07-2024 - ൽ മറുപടിയ്ക്ക്**

**അളവിൽ കൂടുതലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവേ കഴിഞ്ഞ വില്ലേജുകളിൽ സർവേ രേഖകൾ പ്രകാരം ഭൂവുടമസ്ഥർക്ക് അളവിൽ കൂടുതൽ സ്ഥലം കൈവശമുണ്ടെങ്കിൽ ആയത് നിയമപരമായി സാധൂകരിച്ച് നൽകുന്നതിന് സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഇല്ല.<br>റീസർവെയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ, റീസർവെയ്ക്ക് മുൻപ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരം ഒടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും, വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21/04/2022 ലെ സ.ഉ(കൈ)നം.110/2022/റവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>എന്നാൽ ഇത്തരത്തിലുള്ള കേസുകൾ ധാരാളം വരുന്ന സാഹചര്യത്തിൽ ഇതിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ റീസർവെക്ക് ശേഷം രേഖകളിൽ ഉള്ള ഭൂമിക്കൊപ്പം തർക്കരഹിതമായി വ്യക്തമായ അതിരുകൾക്കുള്ളിൽ കാണുന്ന ഭൂമി സർക്കാർ ഭൂമിയിൽ ഉൾപ്പെട്ടതല്ലെങ്കിൽ അത്തരം ഭൂമിയ്ക്ക് അവകാശ രേഖ നൽകുന്നതിനായി ഒരു നിയമം രൂപീകരിക്കുന്നത് സർക്കാർ പരിഗണനയിലാണ്. ഇതിനായി ഒരു കരട് ബില്ല് തയ്യാറായിട്ടുള്ളതും ആയത് സൂക്ഷ്മപരിശോധന നടത്തി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ